HON'BLE MR T. M. VARGHESE: നാട്ടിൻറ നാനാഭാഗങ്ങളിലും ധാരാളമായി സ്ഥാപിക്കുന്നതിനു് ആവശ്യമുള്ള പ്രവർത്തനങ്ങൾ ഗവണ്മെൻറു് ചെയ്യുന്നുണ്ടു്. ക്രൂടാതെ ട്രാവൻകൂർ ലൈബ്രറി അസോസിയേഷൻ എന്ന ഒരു സ്ഥാപനം ഉണ്ടു്. ആ സ്ഥാപനത്തെക്കൊണ്ടും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. രണ്ടുവർഷമായി അവർ ധാരാളം ജോലിചെയ്യുന്നു. ൯൫ ലൈബ്രറികൾ നാമാവശേഷമായതിനെ ഉദ്ധരിച്ചിട്ടുണ്ടു്. ൯൫ ലൈബ്രറികൾ പുതുതായി ഈ അസോസിയേഷൻ സ്ഥാപിച്ചിട്ടുണ്ടു്. ഇപ്പോൾ ൯൦൦ ലൈബ്രറികൾ ഇതിൽ അഫിലിയേറു് ചെയ്തിട്ടുണ്ടു്. ഇങ്ങനെ ഗവണ്മെൻറു് പലവിധത്തിൽ ലൈബ്രറികളെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്.

MR. N. V. CHACKO: തിരുവനന്തപുരത്തുള്ള പബ്ലിക്കു് ലൈബ്രറി ഇല്ലാതാക്കുന്നതിനു് നടപടികൾ എടുക്കുന്നതായി ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T M. VARGHESE: അങ്ങിനെയൊന്നും ഗവണ്മെൻറിൻറെ അറിവിൽപ്പെട്ടിട്ടില്ല.

Valiathura Pier.

392. MR. K. A. MUHAMMED (*Quilon IV—Muslim*): Will the Honourable Minister for Ports be pleased to state.

(a) the estimated damage done to the Valiathura Pier by the dashing of the ship;

(b) whether they propose to repair the Pier in the near future,

(c) whether any contract is given to salvage any portion of the pier ?

HON'BLE MR. T. M, VARGHESE: എ. വലിയതുറ പിയറിനു് നാശം സംഭവിച്ചിട്ടുണ്ടു്. അതുകൊണ്ടുണ്ടായ നാശത്തിൻറെ അറ്റകുറ്റപ്പണികൾ വിലവച്ചിട്ടില്ല. അതിൻറെ അവശിഷ്ടങ്ങൾ കടലിൽ താഴ്ന്നതിൻറെ ശേഷം കപ്പൽ കമ്പനിക്കാരും ഗവണ്മെൻറും കൂടി ചേർന്നു് ഒരു ജോയിൻറു് സർവെ നടത്തിയശേഷം അറ്റകുറ്റപ്പണികൾ നിർണ്ണയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സംഭവം ഉണ്ടായശേഷം ഒരു ക്രിമിനൽകേസ്സു് മജിസ്ട്രേട്ടുകോടതിയിൽ നടക്കുന്നുണ്ടു്.

MR. ABDUL AZIZ: May I say that the case is subjudice ?

HON'BLE MR. T. M. VARGHESE: ഇപ്പോൾ പറയുന്നതു് സബ് ജൂഡിസ് അല്ല, ആ ക്യാപ്റ്റനെ ന്യ ലക്ഷം രൂപായുടെ ജാമ്യം വാങ്ങി

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. M. Varghese]

ച്ചു് വിട്ടിട്ടുണ്ടു്. ജോയിൻറു് സർവേയുടെ റിപ്പോർട്ടു വന്നതിനു് ശേഷം നഷ്ടപ്പെട്ട തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ബി. പിയർ പുതുതായി ഉണ്ടാക്കുകയാണോ വേണ്ടതെന്നു് അതു് സംബന്ധിച്ചുള്ള വിവരങ്ങൾ വന്നതിനു ശേഷമേ തീരുമാനിക്കാനൊക്കുകയുള്ളൂ.

അദ്ധ്യാപകന്മാരുടെ പ്രമോഷൻ.

393. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

Education ഡിപ്പാർട്ടുമെൻറിൽ ക ക വ—ക ക വന ഈ ആണ്ടുകളിൽ വ—ാംഗ്രേഡിൽനിന്നും ക—ാംഗ്രേഡിലേക്കും ന—ാംഗ്രേഡിൽ നിന്നും വ—ാംഗ്രേഡിലേക്കും പ്രത്യേക പരിഗണനകൾ ആസ്പദമാക്കി പ്രമോഷൻ നൽകിയിട്ടുള്ള ഡിപ്പാർട്ടുമെൻറൽ അദ്ധ്യാപകന്മാരുടേയും ഇൻസ്പെക്ടറന്മാരുടേയും പേരുകൾ തരുന്നതിനും അപ്രകാരം promotion നൽകുന്നതിനു് ഉണ്ടായ കാരണങ്ങൾ പ്രസ്താവിക്കുന്നതിനും ഗവണ്മെൻറിനു സന്മനസ്സുണ്ടാകുമോ?

HON'BLE MR. T. M. VARGHESE: ക ക വ, ക ക വന ഈ ആണ്ടുകളിൽ രണ്ടാംഗ്രേഡിൽ നിന്നും ഒന്നാംഗ്രേഡിലേക്കു് ഉയർത്തപ്പെട്ട ഉദ്യോഗസ്ഥന്മാർ.

ക. മി. കെ. ജെ. ലീനോസു.

വ. മി. കെ. ജി. മാധവൻ. അവരാണു്. കൂടാതെ മിസ്സിസ്. അന്നമ്മ മാത്യുവിനെ മൂന്നാംഗ്രേഡിൽ നിന്നും രണ്ടാംഗ്രേഡിലേക്കും പ്രമോട്ടു ചെയ്തിട്ടുണ്ടു്.

ഇങ്ങനെ കയറ്റംചെയ്യുന്നതിനുള്ള കാരണം സീനിയോറിറ്റി അല്ല. കാര്യക്ഷമത മാത്രമാണു്.

MR. K. A. MATHEW: ഏതു കാര്യത്തിനുള്ള കാര്യക്ഷമതയാണെന്നു പറയുമോ? പ്രത്യേകം പരിഗണിക്കാൻ വല്ലതും കാണുമോ?

HON BLE MR. T. M. VARGHESE: പ്രത്യേക പരിഗണനയേ അർഹിക്കുന്ന പലതും കാണും. എങ്കിലും അറിവിൽപ്പെട്ടിട്ടുള്ളതു പറയാം. മി. ലീനോസു് അദ്ധ്യാപകവൃത്തിയിലിരുന്ന കാലത്തു് തന്നെ പബ്ലിക്ക് റിലേഷൻസു് ഡിപ്പാർട്ടുമെൻറിൽ പബ്ലിസിറ്റി അസിസ്റ്റൻറായി നിയമിച്ചു് വളരെ സൂത്യർഹമായ നിലയിൽ പ്രവർത്തിച്ചു. മി. കെ. ജി.

LIBRARY ARCHIVES Kerala Legislative Assembly